# മണ്ടേല

മണ്ടേല!  കാലത്തിൻറെ
അർബുദ  പ്രതീകത്തിൽ
സഹനൗഷധ സൗഖ്യ
മേകിയ  ഭിഷഗ്വരൻ!

കാരിരുമ്പഴിക്കുള്ളിൽ
യൗവനമെരിച്ചതിൻ
കനലിൽ  സ്വന്തം  സൂര്യൻ
പണിത  മഹാശില്പി!

വിശ്വമാനവ  സ്നേഹ
വിശുദ്ധ  സങ്കീർത്തനം
ആലപിച്ചാഫ്രിക്കയെ
ഉണർത്തീ വിൺപൂങ്കുയിൽ!

*downloaded from www.abdulgafoor.com*